LIBRARY ARCHIVES Kerala Legislative Assembly

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി വീട് ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി പുനരധിവസിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 2016 മുതൽ 2021 വരെയുള്ള ബഡ്ജറ്റിൽ ഓരോ വർഷവും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച തുക (കോടി) |
|---|---|
| 2016- 17 | 42 |
| 2017-18 | 50 |
| 2018-19 | 30 |
| 2019-20 | 55 |
| 2020-21 | 55 |

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും എത്ര ഏക്കർ ഭൂമി വാങ്ങി എന്നും ഇപ്രകാരം വാങ്ങിയ ഭൂമി എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വിതരണം ചെയ്തു എന്നും ജില്ല തിരിച്ചു വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നേരിട്ട് ഭൂമി വാങ്ങി നൽകിയിരുന്ന പദ്ധതിയിലൂടെയും നിലവിൽ ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ ഭൂമിയുടെയും ആയത് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു* .

**എസ്.സി. ലൈഫ് മിഷൻ പദ്ധതി**

2(505) ശ്രീ. യു. എ. ലത്തീഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണ് ഉള്ളത്?

ലൈഫ് മിഷൻ ലിസ്റ്റിന്റെയും വകുപ്പു തയ്യാറാക്കിയിട്ടുള്ള അഡീഷണൽ ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ് :

---

* നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| പട്ടികജാതി | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 57047 |
| ഭൂരഹിത ഭവനരഹിതർ | 76308 |
| ആകെ ഭവനരഹിതർ | 1,33,355 |

| പട്ടികവർഗ്ഗം | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 12620 |
| ഭൂരഹിത ഭവനരഹിതർ | 7600 |
| ആകെ ഭവനരഹിതർ | 20,220 |

(ബി) പട്ടികജാതി (എസ്.സി.) ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 2018-19 മുതൽ 2020-21 വരെ എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതെന്നും എത്ര തുകയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

2018-19 വർഷം വകുപ്പിന്റെ ഭവന പദ്ധതിക്കായി അനുവദിച്ച തുകയിൽനിന്നും 61.30 കോടി രൂപ ലൈഫ് മിഷന് കൈമാറുകയുണ്ടായി. ലൈഫ് മിഷൻ പദ്ധതിക്കായി 2019-20 വർഷം 400 കോടി രൂപയും 2020-21 വർഷം 300 കോടി രൂപയും വകുപ്പിന്റെ 2225-01-283-84 (പി) ശീർഷകത്തിൽ വകയിരുത്തിയിരുന്നു. കൃ ബില്ലായി അവശേഷിച്ച 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 100 കോടി രൂപ ഉൾപ്പെടെ 2020-21 സാമ്പത്തിക വർഷം 245 കോടി രൂപ ലൈഫ് മിഷന് നൽകിയിട്ടുണ്ട്.

(സി) 2017-18 മുതൽ 2020-21 വരെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ?

ലൈഫ് മിഷൻ പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി ആകെ 13,736 വീടുകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly